**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 610** **09-08-2023 - ൽ മറുപടിയ്ക്ക്**

**എ. ഐ . ക്യാമറ കരാറിലെ ഉപകരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ ഐ ക്യാമറകൾ സ്ഥാപിക്കാനായി തെരഞ്ഞെടുക്കപ്പെട്ട എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികളും ഉപകരാറായി നൽകിയത് ടെൻഡർ വ്യവസ്ഥകളുടെ ലംഘനമല്ലേ എന്ന് വ്യക്തമാക്കാമോ; | (എ) | **എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികൾക്കും ഉപകരാർ നൽകിയിട്ടില്ല.** |
| (ബി) | ടെൻഡർ ഡോക്യുമെന്റിൽ സുപ്രധാന പ്രവൃത്തികൾക്ക് ഉപകരാർ നൽകാൻ പാടില്ല എന്നും, ഉപകരാർ സംബന്ധിച്ച കാര്യങ്ങൾ ടെക്നിക്കൽ ഡോക്യുമെന്റിൽ തന്നെ വെളിപ്പെടുത്തണമെന്നുമുള്ള വ്യവസ്ഥകൾ നിലനിൽക്കുമ്പോൾ ഒക്ടോബർ 2020ൽ കെൽട്രോൺ, എസ്.ആർ.ഐ.ടി.യുമായി ഏർപ്പെട്ട കരാറിൽ അൽ ഹിന്ദ്, പ്രസാദിയോ എന്നീ ഉപകരാർ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തിയത് നിയമപരമാണോ; | (ബി) | നിയമപരമാണ്.<br><br>ഈ പദ്ധതിയിലെ സുപ്രധാന പ്രവൃത്തികൾക്ക് ഉപകരാർ നൽകിയിട്ടില്ല. **എസ്.ആർ.ഐ.ടി. ടെൻഡറിൽ സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ Managing Partners / Subcontractors എന്ന ശീർഷകത്തിലുള്ള വ്യവസ്ഥ ചുവടെ ചേർക്കുന്നു. "We will work with the client and other suppliers to identify dependencies and deliverables, and to delineate responsibilities. We will also collaboratively identify potential conflict situations. We would help define inter – vendor SLAs and SLAs with client objectively". ഈ ടെക്നിക്കൽ ഡോക്യുമെന്റ് സമർപ്പിച്ചത് 2020 ജൂലൈയിൽ ആണ്. അതിനുശേഷം ആവശ്യമായ മേഖലകളിൽ ഉപകരാറുകാരെ കണ്ടെത്തുകയും ചെയ്തു.**<br><br>**ടെൻഡർ സബ്മിഷനു രണ്ട് മാസത്തിനു ശേഷം കെൽട്രോണുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ M/sഅൽഹിന്ദ് ഗ്രൂപ്പ്, പ്രസാദിയോ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് അവരുടെ ഉപകരാറുകാർ എന്ന് എസ്.ആർ.ഐ.ടി. വ്യക്തമാക്കിയിട്ടുണ്ട്.** |
| (സി) | ടെൻഡർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉണ്ടാക്കിയ ഒക്ടോബർ 2020ലെ കരാർ നിയമപരമായി | (സി) | നിയമപരമാണ്. |

| | | | |
|---|---|---|---|
| | നിലനിൽക്കുന്നതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | | ഈ പദ്ധതിയിലെ സുപ്രധാന പ്രവൃത്തികൾക്ക് ഉപകരാർ നൽകിയിട്ടില്ല. **എസ്.ആർ.ഐ.ടി. ടെൻഡറിൽ സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ Managing Partners / Subcontractors എന്ന ശീർഷകത്തിലുള്ള വ്യവസ്ഥ ചുവടെ ചേർക്കുന്നു. "We will work with the client and other suppliers to identify dependencies and deliverables, and to delineate responsibilities. We will also collaboratively identify potential conflict situations. We would help define inter – vendor SLAs and SLAs with client objectively". ഈ ടെക്നിക്കൽ ഡോക്യുമെന്റ് സമർപ്പിച്ചത് 2020 ജൂലൈയിൽ ആണ്. അതിനുശേഷം ആവശ്യമായ മേഖലകളിൽ ഉപകരാറുകാരെ കണ്ടെത്തുകയും ചെയ്യു.**<br><br>**ടെൻഡർ സബ്മിഷനു രണ്ട് മാസത്തിനു ശേഷം കെൽട്രോണുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ M/sഅൽഹിന്ദ് ഗ്രൂപ്പ്, പ്രസാദിയോ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് അവരുടെ ഉപകരാറുകാർ എന്ന് എസ്.ആർ.ഐ.ടി. വ്യക്തമാക്കിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ